'ഭരണഭാഷ- മാതൃഭാഷ'

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പാലക്കാട് ജില്ലയിലെ കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ജോമോൻ ജോർജ്ജിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.408/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം,25/02/2019**

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 27.07.2017-ലെ ഇ13(ബി) (ക്യൂവി..11/2016/പി.കെ.ഡി./പഞ്ചായത്ത്)19775/16 നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 12.10.2017-ലെ വിജി.ഡി4/60/2017 നമ്പർ കത്ത്

3 സർക്കാരിന്റെ 03.11.2017-ലെ 209/ഇപിബി3/17/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീ. ജോമോൻ ജോർജ്ജ് സമർപ്പിച്ച 04.01.2018-ലെ പ്രതിവാദ പത്രിക

5 പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 22.03.2018-ലെ എ.വി.എസ്.15844/2017 നമ്പർ കത്ത്

### ഉത്തരവ്

പാലക്കാട് ജില്ലയിലെ കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിൽ വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ, കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിയായിരുന്ന ശ്രീ. ജോമോൻ ജോർജ്ജ് ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്ന സമയം പ്രാബല്യത്തിൽ ഉണ്ടായിരുന്ന തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കുലറിൽ പറയുന്ന, കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷയും പ്ലാനും ഗ്രാമപഞ്ചായത്തിലെ ബന്ധപ്പെട്ട സാങ്കേതിക വിദഗ് ധർ പരിശോധന നടത്തിയ ശേഷം നല്കുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രമെ കെട്ടിട നിർമ്മാണ അനുമതി നല്കാവൂ എന്ന നിർദ്ദേശം പാലിച്ചതായി കാണുന്നില്ലായെന്നും ആയതിനാൽ പ്രസ്തുത വീഴ്ചയ്ക്കുത്തരവാദിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ജോമോൻ ജോർജിന് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീ. ജോമോൻ ജോർജ്ജ് പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

ശ്രീ.സജിത്ത് കുമാർ എന്നവർക്ക് 12.08.2014-ന് SEC 53/14 പ്രകാരം കേരളാ പഞ്ചായത്ത് രാ: കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 (റൂൾ-11) പ്രകാരം സെക്രട്ടറി നേരിട്ട് സ്ഥലം പരിശോധിച്ച് പ്ലാനുകളും പ്രമാണങ്ങളും തിട്ടപ്പെടുത്തി സൈറ്റ് പ്ലാൻ, ബിൽഡിംഗ് പ്ലാൻ, സർവ്വീസ് പ്ലാൻ എന്നിവ ചട്ടങ്ങൾ പ്രകാരമാണ് എന്ന് ഉറപ്പ് വരുത്തിയും സമർപ്പിച്ച പ്ലാനിന്റെ ഒക്യുപൻസി പ്രകാരവും സെറ്റ് ബാക്ക്, FAR, Coverage തുടങ്ങിയ നിബന്ധനകൾ ഉറപ്പ് വരുത്തിയുമാണ് ബിൽഡിംഗ് പെർമിറ്റ് നൽകിയത് എന്ന ശ്രീ. ജോമോൻ ജോർജിന്റെ വാദം സംബന്ധിച്ച്, പ്രസ്തുത ഫയൽ (പെർമിറ്റ് ഫയലും, കംപ്ലീഷൻ ഫയലും) പരിശോധിച്ചതിൽ മേൽ പറഞ്ഞ പ്രകാരമുള്ള രേഖപ്പെടുത്തലുകളോ റിപ്പോർട്ടുകളോ കാണാൻ കഴിഞ്ഞില്ലെന്നും ആയതിനാൽ ശ്രീ. ജോമോൻ ജോർജ്ജിന്റെ വാദം അംഗീകരിക്കുവാൻ കഴിയില്ലെന്നും, എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം സാങ്കേതിക വിദഗ് ധരുടെ സാങ്കേതിക പരിജ്ഞാനം പഞ്ചായത്ത് സെക്രട്ടറിക്ക് ഉണ്ടായിരിക്കണമെന്നില്ല എന്ന കാര്യം വസ്തുതാപരമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ്/നമ്പറിംഗിനായി മാസത്തിൽ നൂറോളം അപേക്ഷകൾ ലഭിക്കുന്നുണ്ട് എന്ന ശ്രീ. ജോമോൻ ജോർജ്ജിന്റെ വാദം നേരിൽ പരിശോധന നടത്തിയതിൽ തെറ്റാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതായും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ജോലി ഭാരം മൂലമാണ് റസിഡൻഷ്യൽ ബിൽഡിംഗ് പ്ലാനുകൾ മാത്രം സെക്രട്ടറി പരിശോധിച്ചത് എന്ന വാദവും അംഗീകരിക്കുവാൻ കഴിയില്ലായെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.06.2013-ലെ 32131/ആർ.എ1/12/തസ്വഭവ നമ്പർ സർക്കുലർ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന ശ്രീ.ജോമോൻ ജോർജ്ജിന്റെ വാദവും അംഗീകരിക്കുവാൻ കഴിയില്ലായെന്നും പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിൽ നിന്നും കെട്ടിട നിർമ്മാണ അനുമതി നൽകിയതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ജോമോൻ ജോർജ്ജിന്റെ ഭാഗത്തുനിന്നും വീഴ്ചകൾ ഉണ്ടായിട്ടുണ്ട് എന്ന് കാണുന്നു. ഈ സാഹചര്യത്തിൽ പാലക്കാട് ജില്ലയിലെ കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ജോമോൻ ജോർജ്ജിനെതിരായ അച്ചടക്ക നടപടി ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞു കൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.മോഹനദാസ്**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. ജോമോൻ ജോർജ്ജ്, മുൻ സെക്രട്ടറി, കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത്

3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

7. വിജിലൻസ് വകുപ്പ്

   (യു.ഒ റിമാർക്സ് നം.വിജി.ഡി4/60/2017/വിജി. തീയതി 13.07.2018പ്രകാരം)

8. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/209/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ